# രഹസ്യത്തിൽ കരയുന്ന പിതാവ്

## യിരെമ്യാ 13:17

"നിങ്ങൾ കേട്ടനുസരിക്കയില്ലെങ്കിൽ ഞാൻ നിങ്ങളുടെ ഗർവ്വം നിമിത്തം രഹസ്യത്തിൽ കരയും; യഹോവയുടെ ആട്ടിൻകൂട്ടത്തെ പിടിച്ചുകൊണ്ടുപോയിരിക്കയാൽ ഞാൻ ഏറ്റവും കരഞ്ഞു കണ്ണുനീരൊഴുക്കും."

സ്നേഹസ്വരൂപനായ ഒരു പിതാവിനെ ഈ വചനഭാഗത്ത് നമുക്ക് ദർശിക്കാം. യഹൂദാഗൃഹത്തെയും, യിസ്രായേൽ ഗൃഹത്തെയും കുറിച്ച് യഹോവയുടെ അരുളപ്പാടാണ് ഇത്. ഇവിടെ യഹോവയായ കർത്താവ് പറയുകയാണ്, ഈ ജനത്തെ എനിക്ക് ജനവും, കീർത്തിയും, പ്രശംസയും, അലങ്കാരവും ആകേണ്ടതിനു എന്നോടു പറ്റിയിരിക്കുമാറാക്കി. അവർക്കോ അനുസരിപ്പാൻ മനസ്സായില്ല. അതെ, കർത്താവ് നമ്മെ തിരഞ്ഞെടുത്തത് അവനോട് പറ്റിയിരുന്ന് അവന് കീർത്തിയും പ്രശംസയും അലങ്കാരവും ആകേണ്ടതിനായിട്ടാണ്. എന്നാൽ എന്താണ് സംഭവിച്ചത്. ദൈവജനം അവന്റെ വചനം കേൾപ്പാൻ മനസ്സില്ലാതെ ഹൃദയത്തിന്റെ ശാഠ്യപ്രകാരം നടന്നു ദുഷ്ടജനമായി തീർന്നു. തന്റെ ജനം തിരിച്ചുവന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്ന ദൈവസ്നേഹത്തെ ഇവിടെ കാണാം. ദൈവം നടത്തിയ വഴികളെ ഓർക്കാതെ, കർത്താവിന്റെ വചനങ്ങൾക്ക് ചെവി കൊടുക്കാതെ, ഗർവ്വത്തോടെ, സ്വന്ത ഇഷ്ടപ്രകാരം നടക്കുന്ന തന്റെ മക്കളോട് കർത്താവ് പറയുകയാണ് 'നിങ്ങൾ കേൾപ്പിൻ, ചെവി തരുവിൻ; ഗർവ്വിക്കരുത് ' (വാക്യം 15). വീണ്ടും വീണ്ടും സ്നേഹത്തോടെ തന്റെ മക്കളോട് ഇടപെടുന്ന കർത്താവിനെ അടുത്ത വാക്യത്തിൽ നമുക്ക് കാണാം. ഒരു മുന്നറിയിപ്പ് കൊടുക്കുന്ന കർത്താവ് "ഇരുട്ടാകുന്നതിനും നിങ്ങളുടെ കാൽ അന്ധകാരപർവ്വതങ്ങളിൽ ഇടറിപ്പോകുന്നതിനും മുമ്പേ നിങ്ങളുടെ ദൈവമായ യഹോവെക്കു ബഹുമാനം കൊടുപ്പിൻ"; യഹോവെക്കു ബഹുമാനം കൊടുക്കാതെ, തന്നിഷ്ടത്താൽ ജീവിക്കുന്നവർ പ്രകാശത്തിനു കാത്തിരിക്കുമ്പോൾ തന്നെ അവർക്ക് അന്ധതമസ്സും കൂരിരുട്ടും ഉണ്ടാകും എന്ന് ഓർമ്മപ്പെടുത്തുകയാണ് ഇവിടെ. പലപ്പോഴും നമ്മുടെ ഹൃദയകാഠിന്യത്താൽ പാപചിന്തകളിലും, ലോകമോഹത്തിലുംപെട്ട് നമ്മുടെ കർത്താവിൽ നിന്നും അകന്നു പോകുമ്പോൾ നമ്മൾ വഴുവഴുപ്പിലാണ് നിൽക്കുന്നത് എന്ന് നമ്മൾ തിരിച്ചറിയാറില്ല. എന്നാൽ ഇവിടെ നമ്മുടെ കർത്താവിന്റെ ഹൃദയവേദന നമുക്ക് കാണാൻ സാധിക്കും (വാക്യം 17). നമ്മുടെ ഗർവ്വത്തെ ഓർത്ത് രഹസ്യത്തിൽ കരയുന്ന ഒരു പിതാവ്, തെറ്റിപ്പോയ

ആട്ടിൻകൂട്ടത്തെ ഓർത്ത്, കണ്ണുനീരൊഴുക്കുന്ന ഒരു കർത്താവ്. എത്ര വേദനാജനകമായ ഒരു കാഴ്ചയാണത്.

നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനായ ക്രിസ്തു, നമുക്കുവേണ്ടി ശാപമായി തീർന്നവൻ, നാം പാപികളായിരിക്കുമ്പോൾ തന്നെ ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അവന്റെ രക്തത്താൽ നമ്മുടെ ലംഘനങ്ങളും അകൃത്യങ്ങളും മോചിച്ച്, നമ്മെ വീണ്ടെടുത്ത് അവന്റെ സന്നിധിയിൽ നിർത്തിയതാണ്. യേശു ദൈവത്തിന്റെ വലത്തു ഭാഗത്തിരുന്നുകൊണ്ട് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയാണ്. എന്നാൽ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനെ മറന്ന്, അവൻ നമുക്കുവേണ്ടി വാഗ്ദത്തം ചെയ്തതിനെ നിരസിച്ച്, നശ്വരമായതിനെ തേടി ഓടുന്ന ജനത്തെ നോക്കി, രഹസ്യത്തിൽ കരയുന്ന നമ്മുടെ കർത്താവിനെ നാം അറിയുന്നുണ്ടോ? അവൻ മറ്റൊന്നും നമ്മളിൽ നിന്ന് ആവശ്യപ്പെടുന്നില്ല. അവന്റെ വാക്കു കേട്ട് അവന്റെ വഴികളിൽ നടക്കുക മാത്രം ചെയ്താൽ മതി. അങ്ങനെയെങ്കിൽ പ്രത്യാശ നൽകുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നമ്മൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ്ട് നമ്മെ നിറക്കും. ദൈവം നമ്മെ അനുഗ്രഹിക്കു മാറാകട്ടെ.

**പരാമർശം:**

മത്തായി 7:26–27

എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടുപണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റു അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു; അതിന്റെ വീഴ്ച വലിയതായിരുന്നു.

സങ്കീർത്തനം 81:13

അയ്യോ എന്റെ ജനം എന്റെ വാക്കു കേൾക്കയും യിസ്രായേൽ എന്റെ വഴികളിൽ നടക്കയും ചെയ്തുവെങ്കിൽ കൊള്ളായിരുന്നു.

## സിസ്റ്റർ റീന ഷാജിപള്ളിപ്പാട് 018